# കാറ്റിനെ ചീത്ത പറയരുത്

ഉബയ്യ് ഇബ്നു കഅ്ബ്ﷺവിൽനിന്നും നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«لا تَسُبّوا الرِّيحَ, فإذَا رَأَيْتُمْ ما تَكْرَهُونَ فَقولُوا: اَللّهُمَّ إنّا نَسْأَلُكَ مِنْ خَيْرِ هَذِهِ الرِّيحِ وَخَيْرِ ما فِيهَا وَخَيْرِ ما أُمِرَتْ بِهِ وَنَعُوذُ بِكَ مِنْ شَرِّ هَذِهِ الرِّيحِ وَشَرِّ ما فِيهَا وَشَرِّ ما أُمِرَتْ بِهِ»

“നിങ്ങൾ കാറ്റിനെ ചീത്ത പറയരുത്. നിങ്ങൾക്ക് അരോജകമായത് നിങ്ങൾ കണ്ടാൽ നിങ്ങൾ പറയുക: അല്ലാഹുവേ, ഈ കാറ്റിന്റെ നന്മയിൽ നിന്നും അതിലുള്ള നന്മയിൽ നിന്നും അത് എന്തൊന്ന് കൊണ്ട് കൽപ്പിക്കപ്പെട്ടുവോ അതിലുള്ള നന്മയിൽ നിന്നും ഞങ്ങൾ നിന്നോട് തേടുന്നു. ഈ കാറ്റിന്റെ കെടുതിയിൽ നിന്നും അതിലുള്ള കെടുതിയിൽ നിന്നും അതുകൊണ്ട് കല്പ്പിക്കപ്പെട്ട തിന്മയിൽ നിന്നും ഞങ്ങൾ നിന്നോട് അഭയം തേടുന്നു.”[1]

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- കാറ്റിനെ ശകാരിക്കുന്നതിലെ വിരോധം.
- മനുഷ്യൻ അനിഷ്ടകരമായത് കാണുമ്പോൾ ഉപകാരപ്രദമായ സംസാരം നടത്തണമെന്നതിലേക്കുള്ള ബോധവൽകരണം.
- കാറ്റ് കല്പിക്കപ്പെട്ടതാണെന്ന നിദർശനം.
- കാറ്റ് ചിലപ്പോൾ നന്മകൊണ്ട് കല്പ്പിക്കപ്പെടും, ചിലപ്പോൾ തിന്മകൊണ്ട് കല്പ്പിക്കപ്പെടും.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

[1] സുനനുത്തിർമുദി. അൽബാനി ഹദീഥിനെ ‘സ്വഹീഹ് ’ ആക്കിയിട്ടുണ്ട്.